&

(സി) പ്രസ്തുത ഫയൽ എത്ര കാലമായി ഈ ഓഫീസിൽ പരിശോധനയിലാണെന്നും അതിനുള്ള കാരണവും വ്യക്തമാക്കാമോ?

ശ്രീമതി ലിബ ബേബിയുടെ നിയമനം സംബന്ധിച്ച പ്രൊപ്പോസൽ 16-3-2021-ന് മാനേജർ ' സമന്വയ' വഴി വയനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിനോടൊപ്പം ആവശ്യമായ രേഖകൾ കൂടി അപ്ലോഡ് ചെയ്യുവാൻ മാനേജർക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി രേഖകൾ മാനേജർ ' സമന്വയ' യിൽ അപ്ലോഡ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പ്രൊപ്പോസലിന്മേൽ തുടർനടപടി സാധിക്കുകയുള്ളൂ.

ഡി.ഐ.ഇ.റ്റി., ജി.റ്റി.റ്റി.ഐ. എന്നിവിടങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ

238(2594) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡി.ഐ.ഇ.റ്റി., ജി.റ്റി.റ്റി.ഐ. എന്നിവിടങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾ നിലവിലുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ഡയറ്റിലെ അദ്ധ്യാപക നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഒരു ജില്ലയിൽ ഒന്നുവീതം 14 ഡയറ്റുകളാണ് നിലവിലുള്ളത്. ഓരോ ഡയറ്റിലും ഒരു പ്രിൻസിപ്പാൾ, 7 സീനിയർ ലക്ചറർ, 20 ലക്ചറർ എന്നിങ്ങനെയാണ് അദ്ധ്യാപക തസ്തികകൾ അനുവദിച്ചിരിക്കുന്നത്. ഇതിനു പുറമെ കാസർഗോഡ് ഡയറ്റിൽ കന്നഡ ലക്ചറർ തസ്തികയും തിരുവനന്തപുരം, ഇടുക്കി, പാലക്കാട് ഡയറ്റുകളിൽ തമിഴ് ലക്ചറർ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ലക്ചറർ തസ്തികയിലെ ഒഴിവുകളിൽ 50% ഗവൺമെന്റ് പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂൾ, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരിൽ നിന്നും ടീച്ചർ എഡ്യൂക്കേറ്റർമാരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേനയും 50% ഒഴിവുകൾ പി.എസ്.സി. വഴി നേരിട്ടുള്ള നിയമന രീതിയുമാണ്. ടി.ടി.ഐ.-കളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾസ് നിലവിൽ ഇല്ല.

(ബി) ഇവിടങ്ങളിലെ അദ്ധ്യാപക നിയമനത്തിനായി നിലവിലുള്ള യോഗ്യതകൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡയറ്റ് ലക്ചറർ തസ്തികയിലെ ബെഞ്ചമാൻസ്റ്റർ നിയമനത്തിന് ബിരുദാനന്തര ബിരുദം, എം.എഡ്. ഡിഗ്രി, മൂന്ന് വർഷത്തെ തുടർച്ചയായ അദ്ധ്യാപന പരിചയം എന്നിവയാണ് യോഗ്യതയായി നിഷ്കർഷിച്ചിരിക്കുന്നത്. നേരിട്ടുള്ള നിയമനത്തിന് ബിരുദാനന്തര ബിരുദം, എം.എഡ്. ഡിഗ്രി, കൂടാതെ റ്റെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ ബന്ധപ്പെട്ട വിഷയത്തിലോ എഡ്യൂക്കേഷനിലോ ഉള്ള പി.എച്ച്.ഡി. ഇവയിലേതെങ്കിലും ഒരു യോഗ്യതയും വേണ്ടതാണ്. ടിടി.ഐ.-കളിലെ പ്രിൻസിപ്പാൾമാരായി ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരും അദ്ധ്യാപകരായി എച്ച്.എസ്.ടി.-മാരും ആണ് നിലവിൽ ജോലി നോക്കിവരുന്നത്. ആയതിനാൽ എച്ച്.എസ്.ടി.-മാരുടെ യോഗ്യതകൾ തന്നെയാണ് ടി.ടി.ഐ. അദ്ധ്യാപകർക്കും നിലവിൽ ബാധകമാക്കിയിരിക്കുന്നത്.

ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗിലെ നിയമനം

239(2595) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗിൽ ലക്ചറർ തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയത് പി.എസ്.സി.-ക്ക് കൈമാറി അടിയന്തര നിയമന നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉണ്ട്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25-3-2021-ലെ OA No.702/2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം ഡയറ്റിലെ 89 ലക്ചറർ തസ്തികയിലെ ഒഴിവുകൾ പിഎസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സ്റ്റേ ചെയ്തിരിക്കുകയാണ്. ആയതിൻമേൽ തുടർ നടപടി സ്വീകരിച്ച് വരികയാണ്.

അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം

240(2596) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ പി.എസ്.സി.-യുടെ അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് സ്കൂളുകളിൽ നിയമനം ലഭിക്കാത്ത സാഹചര്യം ഉണ്ടോ; വ്യക്തമാക്കുമോ;

(ബി) മുൻപ് അഡ്വൈസ് ലഭിച്ചിരുന്നവർക്കും ഇപ്പോൾ പുതുതായി അഡ്വൈസ് ലഭിച്ചവർക്കും നിയമനം നൽകാൻ അനുമതി നൽകി വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഇറക്കുകയുണ്ടായോ;

&